
# ഡിസംബർ 10
# ലോക മനുഷ്യാവകാശ ദിനം

● അനൂപ് അനന്തൻ

പ്രിയപ്പെട്ട ഗുരുജനങ്ങളേ, സ്നേഹിതരേ, നാമിന്ന് ഒത്തുകൂടുന്നത് ലോക മനുഷ്യാവകാശ ദിനാചരണത്തിനായാണ്. ഒരുപക്ഷേ, മറ്റേത് ദിനാചരണങ്ങളെക്കാളും ഒരു പടി മുകളിലാണ് ഈ ദിനാചരണത്തിന്റെ സ്ഥാനം. മനുഷ്യൻ എന്ന നിലക്ക് ഒരാൾക്ക് അനിവാര്യമായി ലഭിക്കേണ്ട അവകാശത്തെ ബോധ്യപ്പെടുത്താനാണീ ദിനാചരണം. വിശാലമായ അർത്ഥത്തിൽ ജീവജാലങ്ങൾക്കെല്ലാമുള്ള അവകാശമാണിതെന്ന് പറയാം. ജീവിക്കാനുള്ള അവകാശവും ഒപ്പം ജീവിതത്തിന്റെ സുരക്ഷയും, ആശയം പ്രകടിപ്പിക്കാനുള്ള അവകാശം, നിയമപരമായ അവകാശങ്ങൾ, പ്രവൃത്തി ചെയ്യാനുള്ള അവകാശം, രാജ്യകാര്യങ്ങളിൽ പങ്കെടുക്കാനുള്ള അവകാശം, സാമൂഹികമായ അവകാശങ്ങൾ, ജോലി ചെയ്യാനുള്ള അവകാശം, വിനോദത്തിനുള്ള അവകാശം, തുല്യ ജോലിക്ക് തുല്യ വേതനത്തിനുള്ള അവകാശം എന്നിങ്ങനെ അടിസ്ഥാനമായ ചില മനുഷ്യാവകാശങ്ങളുണ്ട്.





എന്നാൽ, ലോകത്താകമാനവും പ്രത്യേകിച്ച് നമ്മുടെ രാജ്യത്തും മനുഷ്യാവകാശങ്ങൾക്കുനേരെയുള്ള കടന്നുകയറ്റം വ്യാപകമാണ്. അത്തരം വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

ഭരണകൂടം തന്നെ മനുഷ്യാവകാശങ്ങൾ തച്ചുടയ്ക്കുന്നതായുള്ള പരാതികളാ

▸▸ ഭിന്നശേഷിക്കാർക്കായുള്ള കേരള സർക്കാരിന്റെ സ്വയംതൊഴിൽ പദ്ധതി– കൈവല്യ

ണ് ചുറ്റും. മനുഷ്യാവകാശങ്ങളും മൗലികാവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്ന ഉദ്ദേശ്യത്തോടെയാണ് ലോക മനുഷ്യാവകാശ ദിനം ആചരിക്കുന്നത്. ഒരു രാജ്യത്തിൻെറ അതിർത്തിക്കുള്ളിൽ താമസിക്കുന്നതിനും പൗരത്വം സ്വീകരിക്കുന്നതിനും രാഷ്ട്രീയമായും മതപരമായും സ്വതന്ത്രമായി ചിന്തിക്കുന്നതിനും മനുഷ്യനുള്ള അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനുമുള്ള ദിനമാണിത്. 1948 ഡിസംബർ 10 സാർവലൗകിക മനുഷ്യാവകാശ പ്രഖ്യാപനത്തിൻെറ കരടുരേഖ ഐക്യരാഷ്ട്ര സഭ അംഗീകരിച്ചു. അന്നു മുതൽ ഈ ദിനാചരണവും നടത്തിവരുന്നു. 1979-ൽ മനുഷ്യാവകാശ സംബന്ധമായ ഉടമ്പടികൾ ഇന്ത്യയും അംഗീകരിച്ചു.

ഇന്ത്യാ രാജ്യത്തിൻെറ ഭരണഘടനയിൽ മനുഷ്യാവകാശത്തെ കുറിച്ച് കൃത്യമായി പറയുന്നുണ്ട്. സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണങ്ങൾക്കെതിരെയുള്ള അവകാശം, ഇഷ്ടപ്പെട്ട ജാതി, മതം സ്വീകരിക്കാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, പാരമ്പര്യത്തിലും സംസ്കാരത്തിലുമുള്ള അവകാശം എന്നിങ്ങനെ പലതായി കിടക്കുകയാണീ അവകാശങ്ങൾ. ഇതൊരു ഭാഗത്ത് നിൽക്കുമ്പോഴും ഇഷ്ട ഭക്ഷണം കഴിച്ചതിൻെറ പേരിൽ ആളുകൾ കൊല്ലപ്പെടുകയാണ്. അഭിപ്രായം പറഞ്ഞതിൻെറ പേരിൽ കോടതി കയറേണ്ടിവരികയാണ്.




മതം- ഭാഷ- ലിംഗ വ്യത്യാസമില്ലാതെ ഏവരെയും പരിഗണിക്കാൻ കഴിഞ്ഞാൽ മാത്രമേ അവകാശ സംരക്ഷണം പൂർണമാകൂ. സ്വാതന്ത്ര്യത്തിനു വിലങ്ങുതടിയായി നിൽക്കുന്നതെല്ലാം ഒരു വ്യക്തിയെ സംബന്ധിച്ചടത്തോളം മനുഷ്യാവകാശ ധ്വംസനം തന്നെയാണ്. ദളിതർ, ന്യൂനപക്ഷങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെല്ലാം പലതരത്തിൽ പീഡിപ്പിക്കപ്പെടുകയാണിവിടെ.

അനുദിനം വർധിച്ചുവരുന്ന ഇത്തരം അക്രമങ്ങൾ ഇല്ലാതാക്കിയാൽ മാത്രമേ മനുഷ്യാവകാശം പൂർണമാകൂ. ഇതിന് ഒരു വഴിയാണുള്ളത്, നാമോരുത്തരും നമ്മുടെ ചുറ്റിലുമുള്ളവരെ മനുഷ്യരായി കാണാനും അവർക്കും തന്നെപ്പോലെ ജീവിക്കാനുള്ള അവകാശമുണ്ടെന്ന് തിരിച്ചറിയാനും തുടങ്ങണം. അങ്ങനെ, ഓരോ മനുഷ്യനും ചിന്തിക്കുമ്പോൾ തീരുന്ന പ്രശ്നം മാത്രമേ ഉള്ളൂ.

അതിനെത്രനാൾ കാത്തിരിക്കണമെന്ന ചോദ്യം മാത്രമാണ് അവശേഷിക്കുന്നത്. ഏതായാലും ഈ വേള വെറുതെയിരിക്കാനല്ല പ്രേരിപ്പിക്കുക. മറിച്ച്, ഓരോ മനുഷ്യന്റെയും അവകാശ സംരക്ഷണത്തിനായുള്ള പോരാട്ടത്തിനുമാത്രമാണെന്ന് പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കട്ടെ, എല്ലാവർക്കും നന്ദി.

▸▸ ഇന്ത്യയിലെ ആദ്യ വിരലടയാള ബ്യൂറോ- കൊൽക്കത്ത